പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 2838 — 20/03/2015-ൽ മറുപടിയ്ക്ക്

## സ്ഥലമെടുപ്പ് നഷ്ടപരിഹാരത്തുക സംബന്ധിച്ച് ശ്രീ. വിൽസൺ നൽകിയ അപേക്ഷ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. സെൽവരാജ് | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) കഴക്കൂട്ടം-കാരോട് ദേശീയപാത വികസനത്തിന്റെ സ്ഥലമെടുപ്പ് നഷ്ടപരിഹാരത്തുക സംബന്ധിച്ച് ശ്രീ. വിൽസണിന്റെ അപേക്ഷ ജില്ലാ കളക്ടർക്ക് ലഭിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഈ കാര്യത്തിൽ നിലവിൽ കോടതി ഉത്തരവുകളോ മറ്റ് തടസ്സങ്ങളോ നിലവിലുണ്ടോ; വിശദാംശം വ്യക്തമാക്കുമോ ; | (ബി) ശ്രീമതി. ശ്യാമളാദേവി, കുറിച്ചി വീട്, കഴിവൂർ പി. ഒ., കാഞ്ഞിരംകുളം എന്നയാൾ തിരുവനന്തപുരം ജില്ലാ കളക്ടർക്ക് 28-01-2015-ൽ സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരത്തുക കോടതിയിൽ കെട്ടിവയ്ക്കുന്നതിന് ഉത്തരവായിട്ടുണ്ട്. കോടതി നടപടിക്രമങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമേ നഷ്ടപരിഹാരത്തുക ഭൂവുടമയ്ക്ക് ലഭിക്കുവാൻ നിർവ്വാഹമുള്ളു. |
| (സി) പ്രസ്തുത വസ്തുവിൽ ബാധ്യതയൊന്നുമില്ലെന്ന എ3-343/2014 നമ്പർ സ്പെഷ്യൽ തഹസിൽദാരുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; പ്രസ്തുത റിപ്പോർട്ടിന്മേലുള്ള നിലപാട് വ്യക്തമാക്കാമോ; ഇക്കാര്യത്തിൽ എതിർകക്ഷിയുടെ വാദം കേൾക്കുകയുണ്ടായോ; വാദം കേൾക്കുന്ന സമയത്ത് എതിർ കക്ഷിക്ക് വസ്തുവിന്റെ ഉടമസ്ഥവകാശം തെളിയിക്കുന്ന രേഖകൾ ഹാജരാക്കാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (സി) ഉണ്ട്. ഇരു കക്ഷികളേയും ഡെപ്യൂട്ടി കളക്ടർ നേരിൽ കേൾക്കുകയുണ്ടായി. രേഖകൾ ഹാജരാക്കാൻ എതിർ കക്ഷി കൂടുതൽ സമയം ആവശ്യപ്പെട്ടിരുന്നു. |
| (ഡി) ശ്രീ. വിൽസണിന്റെ കാര്യത്തിൽ എന്തുകൊണ്ട് പണം കൊടുക്കുന്നില്ല എന്നതിന്റെ കാരണം വ്യക്തമാക്കാൻ 1300/വി.ഐ.പി./സി.എം./2015 നമ്പരായി ബഹു. മുഖ്യമന്ത്രി നൽകിയ നിർദ്ദേശം എന്നാണ് ലഭ്യമായത്; പ്രസ്തുത കുറിപ്പിൽ പറയുന്ന പ്രകാരം എന്നാണ് റിപ്പോർട്ട് തയ്യാറാക്കിയതെന്നും പ്രസ്തുത റിപ്പോർട്ട് എന്നാണ് അയച്ചുകൊടുത്തതെന്നുമുള്ള വിവരം ലഭ്യമാക്കാമോ; ഇതിന്റെ പകർപ്പ് ലഭ്യമാക്കാമോ ; | (ഡി) മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നുള്ള കത്ത് 13-02-2015-ൽ ലഭിച്ചിട്ടുണ്ട്. ആയതിന്റെ റിപ്പോർട്ട് 09-03-2015-ൽ ഡെപ്യൂട്ടി കളക്ടർ തയ്യാറാക്കിയതായി അറിയിച്ചിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | ശ്രീ. വിൽസണിന് വേഗത്തിൽ നഷ്ടപരിഹാരം നൽകുന്നതിന് നിയമസഭാ അംഗം മുഖേന കളക്ടർക്കും ബഹു. റവന്യൂ വകുപ്പ് മന്ത്രിക്കും നൽകിയ കത്തിൽ എന്തുകൊണ്ട് നഷ്ടപരിഹാരം കൊടുക്കാൻ കഴിയുന്നില്ലായെന്നതിന്റെ കാരണം അറിയിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ഇ) | കോടതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്ന കേസിൽ കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാത്രമേ നഷ്ടപരിഹാരം നൽകുവാൻ നിർവ്വാഹമുള്ളൂ. ഈ വിവരം ബഹു. മുഖ്യമന്ത്രിയുടെ ഓഫീസിൽ അറിയിച്ചിട്ടുണ്ട്. |
| (എഫ്) | 10-02-2015-ൽ രണ്ടാഴ്ചയ്ക്കകം മറുപടി നൽകാൻ ബഹു. മുഖ്യമന്ത്രി നിർദ്ദേശം നൽകിയിട്ടും, കോടതി വിധി അനുകൂലമായിട്ടും, വസ്തുവിന്റെ ബാധ്യത സംബന്ധിച്ച് റവന്യു വകുപ്പ് തന്നെ സാക്ഷ്യപ്പെടുത്തി സർട്ടിഫിക്കറ്റ് നൽകിയിട്ടും ഒരു ജുഡീഷ്യൽ പരിശോധന കഴിഞ്ഞ കേസിൽ ആനുകൂല്യം വിതരണം തടസ്സപ്പെടുന്നതെന്തുകൊണ്ടാണെന്നു വ്യക്തമാക്കാമോ ; | | <u>(എഫ്) & (ജി)</u><br><br>അവകാശ തർക്കം ഉന്നയിക്കപ്പെട്ട കേസുകളിൽ കോടതി വിധിയുടെ അടിസ്ഥാനത്തിൽ മാത്രമേ നഷ്ടപരിഹാരത്തുക വിതരണം ചെയ്യാൻ നിർവ്വാഹമുള്ളൂ. |
| (ജി) | ടി വിഷയത്തിൽ ഫയൽ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിന് കളക്ടറെ ചുമതലപ്പെടുത്തി വേഗത്തിൽ നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ.

31

ബി. 204/14

സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ എൽ.എ(എൻ.എച്ച്)
സിവിൽ സ്റ്റേഷൻ, കുടപ്പനകുന്ന്,
തിരുവനന്തപുരം
തീയതി : 09/03/2016

സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ എൽ.എ(എൻ.എച്ച്),
തിരുവനന്തപുരം.

ബഹു: മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി,
സെക്രട്ടറിയേറ്റ്, തിരുവനന്തപുരം.

സർ,

വിഷയം: ദേശീയ പാത വികസനം നഷ്ടപരിഹാരതുക വിതരണം ചെയ്യുന്നത് സംബന്ധിച്ച്

സൂചന :- ബഹു: മുഖ്യമന്ത്രിയുടെ 1300/വിഐപി/സിഎം/2016 നമ്പർ നിർദ്ദേശം.

********

സൂചനയിൽ അങ്ങയുടെ ശ്രദ്ധ സാദരം ക്ഷണിച്ചുകൊള്ളുന്നു. കാരുംകുളം വില്ലേജിൽ കരിച്ചൽ പള്ളിവിള വീട്ടിൽ ശ്രീ വിൽസൺ, ബഹു: എം.എൽ.എ, ശ്രീ ആർ. സെൽവരാജ് മുഖാന്തിരം, ബഹു: കേരള മുഖ്യമന്ത്രിക്ക് നൽകിയ അപേക്ഷയിൽ ടിയാന്റെ എൽ.എ.സി ഫയലിന്മേലുള്ള റിപ്പോർട്ട് നൽകുവാൻ ആവശ്യപ്പെട്ടിരുന്നു. ടിയാനെയും എതിർകക്ഷിയായ ശ്രീമതി ശ്യാമളാദേവിയെയും ഈ കാര്യാലയത്തിൽ 21.01.2016ൽ വിചാരണ നടത്തുകയുണ്ടായി. എതിർകക്ഷിയായ ശ്രീമതി ശ്യാമളാദേവി, കുറിച്ചി വീട്. [illegible] ജില്ലാ കളക്ടർക്ക് 28.[illegible].2016ൽ നൽകിയ പരാതിയിന്മേൽ ജില്ലാ കളക്ടർ ടി ഫയലിന്മേൽ നടന്നു വരുന്ന നടപടികൾ നിർത്തിവയ്ക്കുന്നതിനും നഷ്ടപരിഹാര തുക കോടതിയിൽ കെട്ടി വയ്ക്കുന്നതിനും, ടി കക്ഷികൾ അവരുടെ അവകാശം കോടതിയിൽ തെളിയിച്ചാൽ മതിയെന്നും ഉത്തരവിടുകയുണ്ടായി. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ 1956ലെ നാഷണൽ ഹൈവേ ആക്ട്, സെക്ഷൻ 3എച്ച്(4) പ്രകാരം മേൽ കക്ഷികൾ തമ്മിലുള്ള തർക്കം ബഹു: തിരുവനന്തപുരം ജില്ലാ കോടതിയിലേക്ക് റഫർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

വിശ്വസ്തതയോടെ

സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ എൽ.എ(എൻ.എച്ച്)

Secdn officer

GOVERNMENT